ഹാന്റ് ലൂം മാറ്റ്, പവർ ലൂം മാറ്റ്, ടഫ്ടട് മാറ്റ്, റബ്ബറൈസ്ഡ് കയർ എന്നിവയുടെ കയറ്റുമതി 2004-05-ൽ 2003-04 വർഷത്തേക്കാൾ കൂടുതലായിരുന്നു. എന്നാൽ curled കയർ, കയർ റോപ്പ്, കയർ യാൺ, കയർ ജിയോ ടെക്സ്റ്റയിൽസ്, കയർ റഗ്, ഹാന്റ് ലൂം മാറ്റിംഗ്സ്, പവർ ലൂം മാറ്റിംഗ്സ് എന്നിവയുടെ കയറ്റുമതി 2004-05-ൽ 2003-04 വർഷത്തേക്കാൾ കുറവായിരുന്നു.

(സി) കയർ മേഖലയുടെ പരിഷ്കരണത്തിന് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരണം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്. †

മാലിന്യ നിർമ്മാർജ്ജനം

9 [*140] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനായി, മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനങ്ങളെയും തല്പരരാക്കുന്നതിന് ഉതകുന്ന നിയമ നിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാകുമോ;

(ബി) പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിരോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് കർശനമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):

(എ) 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ ആക്റ്റിലെ 3, 6, 25 സെക്ഷനുകളനുസരിച്ച് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2000 പ്രകാരം സംസ്ഥാനത്ത് ഖരമാലിന്യ നിർമ്മാർജ്ജനത്തിന് നിയമം നിലവിലുണ്ട്. കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 340, 341 അനുസരിച്ച് മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല. മാത്രമല്ല കേരള വികസന പദ്ധതിയുടെ ഭാഗമായി 2004 ജനുവരി 1 മുതൽ ഒരു മാസക്കാലം ക്ലീൻ കേരള മാസമായി ആചരിക്കുകയുണ്ടായി. മാലിന്യ നിർമ്മാർജ്ജനത്തിനെ സംബന്ധിച്ച് ജനങ്ങളുടെ മനോഭാവ ശീലം മാറ്റിയെടുക്കുന്നതിലേക്കായുള്ള വിപുലമായ പ്രചരണ പരിപാടികൾ ക്ലീൻ കേരള പ്രോജക്ടിന്റെ ഭാഗമായി നടന്നു വരുന്നുണ്ട്.

(ബി) 30 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണം, സംഭരണം, വിൽപ്പന, വിനിയോഗം, കടത്തിക്കൊണ്ടുപോകൽ എന്നിവയ്ക്ക് 1-9-2003 മുതൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധനത്തിനുള്ള സമഗ്ര നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം V (ബി)

LIBRARY ARCHIVES Kerala Legislative Assembly